ഹൃദയാലയ ഹാർട്ട് ആൻഡ് റോബോട്ടിക് റിസർച്ച് സെന്റർ, അബുദാബി ന്യൂമെഡിക്കൽ ക്ലിനിക്സിന്റെയും ആഭിമുഖ്യത്തിൽ കേരള സർക്കാർ ഡിജിറ്റൽ സർവകലാശാലയുടേയും പി.എൻ.പണിക്കർ ഫൗണ്ടേഷന്റെയും സഹകരണത്തോടെ അന്തർദ്ദേശീയ ഹെൽത്ത് കെയർ സിംഗുലാരിറ്റി കോൺക്ലേവ് മുൻ കേന്ദ്ര മന്ത്രിയും പാർലമെന്ററി എത്തിക്സ് കമ്മിറ്റി ചെയർമാനുമായ പ്രകാശ് ജാവദേക്കർ ഉദ്ഘാടനം ചെയ്യുന്നു.

റോബോട്ടിക് സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നീ ആധുനിക സാങ്കേതികവിദ്യകൾ ഗ്രാമീണ ആയുർ മേഖല ശക്തിപ്പെടുത്തും

തിരുവനന്തപുരം: ആധുനിക ശാസ്ത്ര സാങ്കേതിക നേട്ടങ്ങളായ റോബോട്ടിക്സ് സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിഗ് എന്നിവ ഗ്രാമീണ ആയുർ മേഖല ശക്തിപ്പെടുത്തുമെന്നും അതോടെ ആരോഗ്യ സമ്പദ്ഘടനയിൽ കാതലായ മാറ്റങ്ങൾ ഉണ്ടാകുമെന്നും മുൻ കേന്ദ്ര മന്ത്രിയും പാർലമെന്ററി എത്തിക്സ് കമ്മിറ്റി ചെയർമാനുമായ പ്രകാശ് ജാവദേക്കർ. ഭാരത സർക്കാർ ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ആവിഷ്ക്കരിച്ചു വരികയാണ്.

ആയുഷ ഭാരത് ഇതിനാണ് ലക്ഷ്യമിടുന്നത്. പത്ത് വർഷത്തിനുള്ളിൽ ഭാരതം ലോകത്തിലെ ഏറ്റവും വലിയ ആയുർ സമ്പദ്മേഖലയായി ഭാരതം മാറുമെന്നും അദ്ദേഹം പറഞ്ഞു. ഹൃദയാലയ ഹാർട്ട് ആൻഡ് റോബോട്ടിക് റിസർച്ച് സെന്റർ, അബുദാബി ന്യൂമെഡിക്കൽ ക്ലിനിക്സിന്റെയും ആഭിമുഖ്യത്തിൽ കേരള സർക്കാർ ഡിജിറ്റൽ സർവകലാശാലയുടേയും പി.എൻ.പണിക്കർ ഫൗണ്ടേഷന്റെയും സഹകരണത്തോടെ അന്താർദ്ദേശീയ ഹെൽത്ത് കെയർ സിംഗുലാരിറ്റി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഡോ. സുധാകരൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. ജയപാൽ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫസർ ഡോ. എലിസബത്ത് ഷെർലി, ഡോ. വി. സുരേഖ, ഡോ. ദിനേഷ് റോയ്, ഡോ. ടൈനി നായർ, എൻ. ബാലഗോപാൽ, ഡോ. ജോർജ്ജ് കോശി,
ഡോ. ദീപു സുധാകരൻ, ഡോ. സജി ഫിലിപ്പ്, ഡോ. രാജേഷ് കണ്ണൻ മേഗലിംഗം, ശ്രീകാന്ത് പല്ലാവൂർ, ഡോ. ജോസ് ജോസഫ്, പ്രജിൽ ബാബു, ഡോ. മഞ്ജു ബി.ആർ, അഹ്സൽ മുട്ടിക്കൽ, സേവ്യർ പ്രതാപ്, ഡോ. കെ. സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

ഈ രംഗത്ത് പ്രവർത്തിക്കുന്ന നിരവധി ഡോക്ടർമാരും എഞ്ചിനീയർമാരും ഗ്രാമീണ പ്രാക്ടീഷണേഴ്സും കോൺക്ലേവിൽ സജീവമായിരുന്നു.

വിജയമുറപ്പിച്ച് അടൂർ പ്രകാശ്

കിളിമാനൂർ: ആറ്റിങ്ങൽ പാർലമെന്റ് യു ഡിഎഫ് സ്ഥാനാർത്ഥി അടൂർ പ്രകാശ് പര്യടന പരിപാടികൾക്ക് സമാപനം കുറിച്ചു. തികഞ്ഞ ആത്മവിശ്വാസത്തിലാണ് സ്ഥാനാർത്ഥി. മികച്ച രീതിയിലുള്ള ജനങ്ങളുടെ പ്രതികരണം തന്നെയാണ് അടൂർ പ്രകാശിന്റെ ആത്മവിശ്വാസത്തിനു പിന്നിൽ.

ജനം വെറുത്ത സംസ്ഥാന കേന്ദ്ര സർക്കാരുകൾക്കെതിരെയുള്ള ജന വികാരമായിരിക്കും യു ഡി എഫ് ന്റെ വിജയമെന്ന് പണയിൽകടവിൽ നടന്ന പര്യടന പരിപാടിയിൽ അടൂർ പ്രകാശ് പറഞ്ഞു.

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ വാഹന പാർക്കിങ്

തിരുവനന്തപുരം: മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ ഇലക്ഷൻ ഡ്യൂട്ടിക്കായി വരുന്ന ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ നെടുമങ്ങാട് ഗവൺമെന്റ് പോളിടെക്നിക്, നെടുമങ്ങാട് ബി.വി.എച്ച്.എസ്.എസ്, മഞ്ചേരി എന്നിവിടങ്ങളിലായി പാർക്ക് ചെയ്യണമെന്ന് അരുവിക്കര നിയോജക മണ്ഡലം ഉപവരണാധികാരി അറിയിച്ചു.

എസ്.ഡി.പി.ഐ. നേതൃസംഗമം

കൊല്ലം: ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി എസ്.ഡി.പി.ഐ. കിഴക്കൻ മേഖലാ നേതൃസംഗമം അഞ്ചൽ വൈറ്റ് പാലസ് ഓഡിറ്റോറിയത്തിൽ നടന്നു. ജില്ലാ പ്രസിഡന്റ് ലത്തീഫ് കരുനാഗപ്പള്ളി ഉദ്ഘാടനം ചെയ്തു. ജില്ലാ ട്രഷറർ ഷാഹഹത്ത് മല്ലം, ജില്ലാ സെക്രട്ടറി മനാഫ് പത്തടി എന്നിവർ പ്രസംഗിച്ചു.

റാഫി അഞ്ചൽ, ജവാദ് കാനൂർ, നസീം കാര്യറ, നജീം മുക്കുന്നം എന്നിവർ നേതൃത്വം നൽകി.

ആവേശക്കടലായി കൊട്ടിക്കലാശം

നെയ്യാറ്റിൻകര: നിനച്ചിരിക്കാതെ വന്ന കടുത്ത വേനൽ മഴയെ കൂസാതെ നെയ്യാറ്റിൻകര പട്ടണത്തിൽ തെരഞ്ഞെടുപ്പ് പ്രരണത്തിൻറെ കലാശക്കൊട്ടിൽ എൽഡിഎഫ് പ്രവർത്തകർ കത്തിക്കയറി. ശരിക്കും നെയ്യാറ്റിൻകര പട്ടണം ചെങ്കടലായി മാറുകയായിരുന്നു. മറ്റ് സ്ഥാനാർത്ഥികളുടെ വാഹനവും കൊടിയും പോലും പുറത്ത് കാണാനാകാത്തവിധം എൽഡിഎഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ കട്ട് ഔട്ടുകളും ചെങ്കൊടിയും നിറഞ്ഞാടി. നിനച്ചിരിക്കാതെ വന്ന കടുത്ത വേനൽ മഴയെ ശരിക്കും ആസ്വദിച്ചായിരുന്നു പ്രവർത്തകരുടെ കലാശക്കൊട്ട് പ്രകടനം. നിരത്താകെ നിറഞ്ഞൊഴുകിയെത്തിയ എൽഡിഎഫ് പ്രവർത്തകർ നിറഞ്ഞു കവിഞ്ഞു. നൂറ് കണക്കിന് ആൾക്കാരാണ് കലാശക്കൊട്ട് കാണാൻ റോഡിനിരുവശവും തടിച്ചുകൂടിയത്. എൽഡിഎഫ് പ്രവർത്തകരുടെ ബാഹുല്യവും നിരത്താകെ കൈയടക്കിയതിലും വിറളിപൂണ്ട് ബിജെപി പ്രവർത്തകർ സംഘർഷത്തിന്
മുതിർന്നെങ്കിലും ആൻസലൻ എംഎൽഎയും എ എസ് ആനന്ദകുമാറും നേതാക്കളും ഇടപെ ട്ട് സംഘർഷം ഒഴിവാക്കി. എൽഡിഎഫ് നേതാക്കളായ ടി ശ്രീകുമാർ, ജി എൻ ശ്രീകുമാരൻ, എസ് രാഘവൻ നായർ, വി എസ് സജീവ്കുമാർ, കൊടങ്ങാവിള വിജയകുമാർ, വി രാജേന്ദ്രൻ, കെ കെ ഷിബു, കെ മോഹനൻ, വി ഐ ഉണ്ണികൃഷ്ണൻ തുടങ്ങിയവർ നേതൃത്വം നൽകി. ശശി തരൂരിന്റെ പ്രചരണ വാഹനങ്ങളും പ്രവർത്തകരും തീരെ വിരളമായിരുന്നു. നെയ്യാറ്റിൻകര പട്ടണം കൂടാതെ മരായമുട്ടം പെരുങ്കടവിള തിരുപുറം തുടങ്ങിയ സമീപ പ്രദേശങ്ങളിലും കലാശക്കൊട്ട് നടന്നു. .

●നെയ്യാറ്റിൻകരയിൽ നടന്ന കലാശക്കൊട്ട്

●പെരുമാതുറയിൽ യുഡിഎഫ് സംഘടിപ്പിച്ച മഹാ ബൈക്ക് റാലി

● വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ കൊല്ലം ചിന്നക്കടയിൽ നടന്ന കൊട്ടിക്കലാശം.

●കൊല്ലം: പരസ്യ പ്രചാരണം ആവേശക്കടലാക്കി മുന്നണികളുടെ കലാശക്കൊട്ട്. സ്ഥാനാർത്ഥികളുടെ റോഡ് ഷോയും അണികളുടെ ആവേശം നിറഞ്ഞ കൊട്ടിക്കലാശവും നാടും നഗരവും അക്ഷരാർത്ഥത്തിൽ ഉത്സവ പ്രതീതിയായി.
ചെണ്ടമേളം, ബാൻഡ് മേളം, നിശ്ചല ദൃശ്യങ്ങൾ, ഫ്ളോട്ടുകൾ തുടങ്ങി കൊട്ടും പാട്ടുമായി കൊട്ടിക്കലാശം കെങ്കേമമായി. സ്ഥാനാർത്ഥികളുടെയും പ്രവർത്തകരുടെയും ആവേശം വാനോളമുയർന്നു. കൊല്ലം നഗരഹൃദയമായ ചിന്നക്കടയിൽ കൊട്ടിക്കലാശം പൊടിപൊടിച്ചു. സ്ഥാനാർത്ഥികളുടെ കൂറ്റൻ ഫ്ളക്സുകളും പതാകയും തോരണവും കൈയിനുകളിൽ ഉയർത്തിയും മറ്റും പ്രവർത്തകർ കൊട്ടിക്കലാശത്തെ വർണാഭമാക്കി. മൂന്നു മുന്നണികളുടെയും സ്ഥാനാർത്ഥികളും പ്രവർത്തകരും ഒരേ സ്ഥലത്ത് സംഗമിച്ചുള്ള കൊട്ടിക്കലാശം വൈകിട്ട് ആറോടെ സമാപിച്ചു. 40 നാൾ നീണ്ട പ്രചാരണം തീരുമ്പോൾ കളം നിറഞ്ഞു കവിഞ്ഞതിന്റെ ആത്മവിശ്വാസത്തിലാണ് മുന്നണികൾ.
പരസ്യ പ്രചാരണത്തിന്റെ അവസാന ദിവസമായ ഇന്നലെ രാവിലെ മുതൽ ഓട്ടപ്പാച്ചിലിലായിരുന്നു സ്ഥാനാർത്ഥികൾ. വിട്ടുപോയ സ്ഥലങ്ങളിൽ ഒരുവട്ടം കൂടി സ്ഥാനാർത്ഥികളെത്തി വോട്ട് ചോദിച്ചു.

പുനലൂർ കോടതി സമുച്ചയത്തിൽ വെള്ളമില്ല

പുനലൂർ: ചെമ്മന്തൂരിലെ കോടതി സമുച്ചയത്തിൽ ദിവസങ്ങളായി ജല അതോറിറ്റിയുടെ വെള്ളമെത്തുന്നില്ല. ജീവനക്കാരും അഭിഭാഷകരും കക്ഷികളുമടക്കം ഇവിടെയെത്തുന്ന അഞ്ഞൂറിലധികം പേരും വെള്ളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. പ്രശ്നം ഇത്ര ദിവസം പിന്നിട്ടിട്ടും പരിഹരിക്കാൻ നടപടിയില്ല. എം.എ.സി.ടി. പോക്സോ ഉൾപ്പെടെ ഏഴ് കോടതികൾ സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. ജല അതോറിറ്റിയിലും മറ്റും ബുദ്ധിമുട്ട് അറിയിച്ചെങ്കിലും നടപടിയുണ്ടായില്ല.

തിരുനാൾ ആഘോഷം 27 മുതൽ

പുനലൂർ: മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലെ കുന്നേൽ പള്ളി വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ആഘോഷം 27 മുതൽ മേയ് ഒന്ന് വരെ നടക്കും. തിരുനാൾ ആഘോഷത്തിന് തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര സെമിനാരിയിലെ ഫാ. ജോസഫ് വള്ളിയാട്ട് കൊടിയേറ്റി. 30 ന് വൈകിട്ട് ഏഴിന് റാസ. ദേവാലയത്തിൽ നിന്ന് തുടങ്ങി കെ.എസ്.ആർ.ടി.സി. ജങ്ഷൻ, നെല്ലിപ്പള്ളി തിരുഹൃദയ ദേവാലയം, ബി.ബി. ഓർത്തഡോക്സ് ചാപ്പൽ വഴി കുന്നേൽ പള്ളിയിൽ എത്തിച്ചേരുമെന്ന് ഇടവക വികാരി ഫാ. സി.സി. ജോൺ അറിയിച്ചു.

കുടുംബ സംഗമം നടത്തി

പുനലൂർ: കൊല്ലം, മാവേലിക്കര മണ്ഡലങ്ങളിലെ എൽ.ഡി.എഫ്. സ്ഥാനാർത്ഥികളുടെ വിജയത്തിനായി ഇടതുപക്ഷ അഭിഭാഷക സംഘടനകളുടെ നേതൃത്വത്തിൽ പുനലൂരിൽ കുടുംബ സംഗമം നടത്തി. മുൻ എം.പി. കെ. സോമപ്രസാദ് ഉദ്ഘാടനം ചെയ്തു. പി.ബി.അനിൽമോൻ അധ്യക്ഷത വഹിച്ചു. മുൻ മന്ത്രി കെ. രാജു, ബി.ഷംനാദ്, പാരിപ്പള്ളി ആർ. രവീന്ദ്രൻ, എച്ച്. രാജീവൻ, കെ.പി. സജിനാഥ്, പി.എ. അനസ്, എൻ. ചന്ദ്രബാബു, അനീസ് തങ്ങൾകുഞ്ഞ്, എം. സേതുമോഹനൻ, പ്രദീപ്ചന്ദ്രൻ, സബിതാ മോഹൻ, പിങ്കിൾ ശശി എന്നിവർ പ്രസംഗിച്ചു.

ലോക പുസ്തക ദിനം പഴയ പുസ്തക വില്പനക്കാരെ ആദരിച്ചു

തിരുവനന്തപുരം: പബ്ലിക് ലൈബ്രറിയുടെ സമീപം പഴയ പുസ്തക വില്പന നടത്തുന്നവരെ ലോകപുസ്തക ദിനമായ ഏപ്രിൽ 23 ന് ഇൻഡോ-ഇന്റർ നാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റിയുടെ നേതൃത്വത്തൽ ആദരിച്ചു. പഴയ പുസ്തക വില്പനക്കാരുടെ സംഘടനയുടെ പാളയം പ്രസിഡന്റ് സബീറിനെ പൊന്നാട അണിയിച്ചു കൊണ്ട് സൊസൈറ്റി പ്രസിഡന്റെ ഡി. വിൽഫ്രഡ് റോബിൻ ആദരിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. റോട്ടറി അസിസ്റ്റന്റ് ഗവർണർ, റൊട്ടേറിയൻ എം.എൽ. ഉണ്ണികൃഷ്ണൻ ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. സൊസൈറ്റി സെക്രട്ടറി പി.ഡി വസന്തകുമാരി സ്വാഗതവും അജി നന്ദിയും രേഖപ്പെടുത്തി. ഷൈജു, ഷാജഹാൻ, മുനീർ, റഷീദ് മഞ്ഞപ്പാറ, അഡ്വക്കേറ്റ് എൻ. കേശവൻ നായർ എന്നിവർ ആശംസകൾ അർപ്പിച്ചു.

● ലോകപുസ്തക ദിനമായ ഏപ്രിൽ 23 ന് പഴയ പുസ്തക വില്പനക്കാരുടെ സംഘടന പാളയം പ്രസിഡന്റ് സബീറിനെ പൊന്നാട അണിയിച്ചു കൊണ്ട് ഇൻഡോ-ഇന്റർ നാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി പ്രസിഡന്റെ ഡി. വിൽഫ്രഡ് റോബിൻ ആദരിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു

ഭാരം കുറയ്ക്കാൻ സൗജന്യ ചികിത്സയും യോഗാ പരിശീലനവും

തിരുവനന്തപുരം: ഗവ.ആയുർവേദ കോളേജിൽ പി.ജി ഡെസർട്ടേഷന്റെ ഭാഗമായി വിവിധ രോഗങ്ങൾക്ക് ഗവേഷണാടിസ്ഥാനത്തിൽ സൗജന്യ ചികിത്സ നൽകുന്നു. അമിതഭാരമുള്ളവർക്ക് ഭാരം കുറയ്ക്കുന്നതിനുള്ള സൗജന്യ ചികിത്സയും യോഗാ പരിശീലനവും നൽകും. കൂടാതെ 10നും 19നും ഇടയിൽ പ്രായമായ പെൺകുട്ടികൾക്കായി ഭാരക്കുറവിനുള്ള സൗജന്യ ചികിത്സയും ഗവേഷണാടിസ്ഥാനത്തിൽ നൽകുന്നതായി പ്രിൻസിപ്പാൾ അറിയിച്ചു.

● ഹൈദരാബാദിൽ നടന്ന ചടങ്ങിൽ കേരളത്തിൽ ഏറ്റവും കൂടുതൽ പ്രീമിയം ക്വാളിറ്റി ടൈൽസ് വില്പന നടത്തിയതിനുള്ള അവാർഡ് ന്യൂരാജസ്ഥാൻ മാർബിൾസ് എം.ഡി. സി.വിഷ്ണുഭക്തൻ ജോൺസൺ കമ്പനി പ്രസിഡന്റ് വിജയ് മിശ്രയിൽനിന്ന് ഏറ്റുവാങ്ങുന്നു.

ജോൺസൺ ടൈൽസ് അവാർഡ് ന്യൂരാജസ്ഥാൻ മാർബിൾസ് ഏറ്റുവാങ്ങി

തിരുവനന്തപുരം: ജോൺസൺ ടൈൽസിന്റെ ഈ വർഷത്തെ അവാർഡ് ഹൈദരാബാദിൽ നടന്ന ചടങ്ങിൽ ജോൺസൺ കമ്പനി പ്രസിഡന്റ് വിജയ് മിശ്രയിൽനിന്ന് ന്യൂരാജസ്ഥാൻ മാർബിൾസ് എം.ഡി: സി.വിഷ്ണുഭക്തൻ ഏറ്റുവാങ്ങി.

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രീമിയം ക്വാളിറ്റി ടൈൽസ് വില്പന നടത്തിയതിനാണ് അവാർഡ് ലഭിച്ചത്. ജോൺസൺ ടൈൽസ് എം.ഡി: വിജയ് അഗർവാൾ, എക്സിക്യൂട്ടീവ് ഡയറക്ടർ ആൻഡ് സി.ഇ.ഒ. ശരത്ചന്ദ്രാക്,
വൈസ് പ്രസിഡന്റുമാരായ രവിമോഹൻ ഓജ, അമിത് അഗർവാൾ, ജോൺസൺ കേരള ഹെഡ് സുലൂസിൽവി, സെയിൽസ് മാനേജർ അരുൺ വി നായർ എന്നിവർ സംബന്ധിച്ചു. ഹോൾസെയിൽ ഡിവിഷൻ ആരംഭിച്ചതും ചെറുകിട കച്ചവടക്കാർക്കും ഹ്ളാറ്റ് നിർമാതാക്കൾക്കും ഉപഭോക്താക്കൾക്കും ഹോൾസെയിൽ വിലയ്ക്ക് ടൈലുകൾ നൽകിയതുമാണ് നേട്ടത്തിനു കാരണമെന്ന് വിഷ്ണുഭക്തൻ പറഞ്ഞു. ഇന്ത്യയിലുള്ള ആയിരത്തോളം ഡീലർമാർ ചടങ്ങിൽ പങ്കെടുത്തു.

യുവ സംവാദ്: യു. കെ.എഫ്. കോളജിന് രണ്ടാം സ്ഥാനം

കൊല്ലം: കേന്ദ്ര യുവജനകാര്യ മന്ത്രാലയം ദേശീയതലത്തിൽ എറണാകുളത്ത് സംഘടിപ്പിച്ച യുവ സംവാദ് ചർച്ചാ പരിപാടിയിൽ പാരിപ്പള്ളി യു.കെ.എഫ്. എൻജിനീയറിങ് കോളജ് രണ്ടാം സ്ഥാനം നേടി. എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധ ബ്രാഞ്ചുകളിൽ നിന്നുള്ള ആറാം സെമസ്റ്ററിലെയും നാലാം സെമസ്റ്ററിലെയും വിദ്യാർഥികളായ അഭിജിത്ത്, സ്നേഹ, എസ്.ഡി. അലൻ, എച്ച്. ജിഷ്ണു, രാഹുൽ, അശ്വിന് എന്നിവരാണ് സമ്മാനത്തിന് അർഹരായത്.

സന്ധി
മാറ്റിവയ്ക്കൽ
നിങ്ങളെ ജീവിതത്തിലേക്ക്
തിരികെ കൊണ്ടുവരുന്നു
SUT PATTOM Super Speciality Hospital
BR LIFE
ഞങ്ങളുടെ മികവുറ്റ വിദഗ്ദർ
നിങ്ങൾക്ക് കാവലാൾ എല്ലുമ്പോലുന്നു
ഡിപാർട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്
വിളിയ്ക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.
SK HOSPITAL
9645611118
HEAL ON WHEEL
Edappazhanji, Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com

HDFC BANK
ജെ. ഓഫീസ് എച്ച്.ഡി.എഫ്.സി. ബാങ്ക് ഹൗസ്, സേനാപതി, ബപത് മാർഗ്, ലോവർ പരേൽ, മുംബൈ
കൈവശാവകാശ അറിയിപ്പ്
(സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002 അനുബന്ധം IV റൂൾ 8(1) പ്രകാരം)
എച്ച്ഡിഎഫ്സി ബാങ്കിന്റെ താഴെ ഒപ്പിട്ട അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ 2002-ാം മാണ്ടിലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ് മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് (54 of 2002) വകുപ്പ് 13(2), റൂൾ വിത്ത് റൂൾ 3 പ്രകാരം വായ്പാകാരായ **ശ്രീമതി . ശരണ്യ ആർ** പഴയ VPIII/1593, ഗീവാനന്ദനഗ, വേളൂന്നമ്പി നഗർ, തിരുവനന്തപുരം, കേരളം-695013, എന്നിവർക്ക് **31-07-2023** -ൽ നോട്ടീസ് അയക്കുകയും പ്രസ്തുത നോട്ടീസ് പ്രകാരം കുടിശ്ശിക യായിട്ടുള്ള തുകയും പലിശയും മറ്റുചിലവുകളും നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വായ്പാകാരൻ കുടിശ്ശിക തുക **4,35,430.88/**-(നാല് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി നാനൂറ്റി മുപ്പത് രൂപപൂർണ്ണത്തിയെട്ട് പൈസയും പലിശയും മറ്റുചിലവുകളും നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.
എന്നാൽ കുടിശിക തുക അടച്ചു തീർക്കാത്തതിനാൽ 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് ആർ/ഡബ്ലു 3(1) ആക്കിന്റെ 13(2) പ്രകാരം നോട്ടീസിന്റെ ഉള്ളടക്കങ്ങൾ ഇവിടെ പ്രസിദ്ധീകരിക്കുന്നു.അപേക്ഷകൻ / സഹ-അപേക്ഷകൻ / ജാമ്യക്കാരൻ, കുടിശ്ശികയുള്ള തുകകൾ സുരക്ഷിതമായ സ്വത്തുക്കളുടെ വിശദാംശങ്ങൾ എന്നിവ താഴെ കൊടുത്തിരിക്കുന്നു:
അപേക്ഷകൻ/ജാമ്യൻ/ ഓഫോഴ് ---ലോൺ അക്കൗണ്ട് നമ്പർ: 14697821 അപേക്ഷകന്റെ/കോ അപേക്ഷകരുടെ പേര് 1) ജയൻ/ ഓഫോഴ്, 29/1856, ആയത്തിൽ പി.ഒ., കൊല്ലം-691017 2) വിനോദ് കുമാർ എസ്. തിരുവനന്തപുരം, തിരുവനന്തപുരം താലൂക്കിൽ പി.ഒ., കൊല്ലം -691004 (3) രഞ്ജിത് വിനോദ്, തിരുവാതിര, വിലക്കാട്ടന്ത നഗർ 101, കിളികൊല്ലൂർ പി.ഒ., കൊല്ലം-691004.ഡിഫോൾട്ട് നോട്ടീസ് U/Sec.13(2) തീയതി : 17/04/2024, LRN DATE: 08/02/2023, NPA തീയതി: 03/03/2024,. കുടിശ്ശിക: രൂപ. Rs.22,15,703.03/- (രൂപ ഇരുപത്തിരണ്ട് ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി മൂന്ന് മുന്ന് പൈസ മാത്രം) ലോൺ അക്കൗണ്ട് നമ്പർ 14697821 15/04/2024. പ്രകാരം.
സുരക്ഷിത വസ്തുവിന്റെ വിശദാംശങ്ങൾ:-കിളികൊല്ലൂർ വില്ലേജ്, കിളികൊല്ലൂർ സബ് രജിസ്ട്രാർ ഓഫീസ്, കൊല്ലം താലൂക്ക്, കൊല്ലം ജില്ല Re Survey No.795/5, BLOCK NO.15, OLD SURVEY NO.5161/1 (അണ്ടർപ്പോ അക്കൗണ്ട് നമ്പർ.25942) ൽ 01.28 Ares വിസ്തൃത വസ്തുവും മുകളുള്ള ഭാഗങ്ങളും. പ്ലെ കെട്ടിട നമ്പർ: നം.25/1772 വിനോദ്കുമാർ. എസ്. ആൻഡ് രഞ്ജിനി വിനോദ് പേരിൽആണ് സ്ഥാവരങ്ങൾ വസ്തുക്കളും കൊല്ലം കോർപ്പറേഷനിലെ കെട്ടിടം,കൂടാതെ 30/05/2016 തീയതിയിലെ നെയിൽ ഡീഡ് നമ്പർ.1028/2016 ന്റെ ഷെഡ്യൂളിന് കീഴിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്ന മറ്റ് എല്ലാ അനുബന്ധങ്ങളും /ഘടനകളും അവകാശങ്ങളും. അതിർത്തികൾ:- വടക്ക്- റോഡ്, തെക്ക്- സദാശിവന്റെ സ്വത്ത് കിഴക്ക്: റോഡ്, പടിഞ്ഞാറ്: അദ്ദേഹത്തിന്റെ സ്വത്ത്
അതിനാൽ, ഈ അറിയിപ്പ് വന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ മുകളിൽ പറഞ്ഞിരിക്കുന്ന നിങ്ങളുടെ ബാധ്യതകൾ മുഴുവനായി തീർക്കാൻ കമ്പനി ആവശ്യപ്പെടുന്നു. മേൽപ്പറഞ്ഞ തുകയുടെ കരാർ നിരക്ക് അനുസരിച്ചുള്ള നിങ്ങളുടെ കുടിശ്ശിക ബാധ്യത, സാന്ദർഭികമായ ചെലവുകൾ, ചെലവ്, ചാർജുകൾ എന്നിവ അടച്ച് ബാധ്യതതീർക്കാത്ത പക്ഷം സെക്ഷൻ 13 ആക്ടിലെ സബ് സെക്ഷൻ 8 ലെ വ്യവസ്ഥകളിലേക്ക് കടം വാങ്ങുന്നവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.
സ്വത്തുക്കൾ, പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(13) പ്രകാരം കമ്പനിയുടെ മേലാധികാരമുള്ള സമ്മതംകൂടാതെ വിൽപന, വാടക തുടങ്ങി എന്തെങ്കിലും തിരിയിൽ നോട്ടീസിൽ മേൽ കാണിച്ചിരിക്കുന്ന സ്വത്തുക്കളിൽ ഇടപാടുകൾ നടത്തുന്നത് നിയമത്തിലെ സെക്ഷൻ 29 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്
(പ്രൂ അധികാരപ്പെട്ട ഓഫീസർ
എച്ച്ഡിഎഫ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്)
സ്ഥലം: കൊല്ലം
തീയതി: 25-04-2024

HDB FINANCIAL SERVICES
എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്
REGISTERED OFFICE: RADHIKA, 2ND FLOOR, LAW GARDEN ROAD, NAVRANGPURA, AHMEDABAD, GUJARAT, PIN CODE-380009 Branch office : First Floor, Creative Complex, Above ICICI Bank, Kadappakada, Kollam, Kerala --682036
Web:www.hdbfs.com, Email ID: compliance@hdfs.com
സർഫേസി ആക്റ്റ് 2002 സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാൻഡ് നോട്ടീസ്
നിങ്ങൾ, താഴെപ്പറയുന്ന അപേക്ഷകനും സഹ -അപേക്ഷകരും ഞങ്ങളുടെ സ്ഥാപനത്തിൽ നിന്ന് ഒരു വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുകയും, കമ്പനിയുടെ രേഖകൾ പ്രകാരം, വായ്പാ തുക തിരിച്ചടക്കുന്നതിൽ ക്രമക്കേടുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതും വായ്പാ അക്കൌണ്ടുകൾ കമ്പനിയുടെ കിട്ടാക്കടമായി നിലകൊള്ളുകയും ചെയ്യുന്നു. വായ്പാ തുകയുടെ തിരിച്ചടവിൽ ഒന്നിലധികം തവണ വീഴ്ചകൾ ഉണ്ടായതായി ഇവിടെ പരാമർശിച്ചിരിക്കുന്നത് പ്രസക്തമാണ്. ലോൺ വ്യാക്കൽ നോട്ടീസിലൂടെ നിങ്ങളുമായി വായ്പാ കരാർ നിർത്തലാക്കിയ വിവരം കമ്പനി കക്ഷികളായ നിങ്ങളെ പല്ലാവരെയും അറിയിച്ചിട്ടുള്ളതുമാണ്. എന്നിരുന്നാലും, ലോൺ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള ഒരു ശ്രമവും നടത്താതെ കക്ഷികളായ നിങ്ങൾ എല്ലാവരും വായ്പാ തുകയുടെ തിരിച്ചടവ് മുടക്കുന്നത് തുടരുകയുമാണ്. കുടിശ്ശിക വീണ്ടെടുക്കുന്നതിനായി 2002ലെ സർഫാസി നിയമത്തിന്റെ 13(2) അനുസരിച്ചു ഡിമാൻഡ് നോട്ടീസ് പുറപ്പെട